Rao Sahib I. N. Menon *(Director of Public Instruction):* That scheme like many other schemes of that particular era has been shelved. But fortunately they have not been shelved for all time. Government did not quite approve of the proposals that I had made. They said that at the present moment they could not find funds for implementing my scheme. I persisted, I said these schools will have to be closed down in which case we might save some money, or we have to spend money over a thing for which we already spend money to make it worth while. Then they said, make some retrenchments in other directions, and show whatever savings there are and then they will allow me to finance the scheme. Since then, I have completely revised my proposals and tried to make them more realistic than practical. As the Hon'ble Member has pointed out, the scheme of things as it exists is not a very great help. For one thing, there is very little internal freedom in the syllabus without which it is not possible to teach Sanskrit properly. In the second place, as matters stand, the Sanskrit schools are far less popular than vernacular schools. While we are pleading for vernacularisation all through the whole educational ladder, we have not so far given that which is so necessary for Sanskrit education. People who pass out of sanskrit schools can rightly turn and ask, what are we to do. My suggestion is that the curriculam should be improved in such a manner that the people who pass out of it might be given a permit to teach in our elementary schools. As a matter of fact, if the present scheme is improved, they would be far more

LIBRARY ARCHIVES Kerala Legislative Assembly

able to handle our Malayalam schools than the S.S.L.C. holder. With these improvements which I propose, I have every reason to expect that the Government will view this proposal sympathetically and allow me to implement them without much delay, so that the Hon'ble Member may remain assured that whatever might have been in the past, in the future things are much brighter as regards Sanskrit education. My old scheme has to be re-revised, because I find as time goes on new needs come to light, as, for instance, the teaching permit. Then, for instance, the introduction of useful course like Ayurveda, instead of driving everybody to go to the Sanskrit College. The rural population may have a chance of studying the rudiments of Ayurveda. These are some of the minor improvements that I have made to make this course more popular and more realistic and more in conformity with the needs of the situation. Anyhow I can assure Hon'ble Members that the prospects are certainly far brighter than they were and no time will be lost in giving practical effect to the scheme.

*Mr. Puthoor Achyuta Menon *(Kattur)*: Sir, before withdrawing the cut motion, I have to say a word of caution to Government. From my experience regarding some of the schools, I find there is a reduction in the number of students going to the schools, and according to me, it is not the reason given by the Hon'ble Member for Education. We find that these students go to school for study. After 4 or 5 years' study they simply stay at home. They cannot go to the college. There is the general feeling that more must be done to Sanskrit education. If some change in the curriculam is not made, there is no necessity of going to the Sanskrit schools. Now, if we examine the figures of last year and this year, we find that the number of students is just the half of last year. I had occasion to verify it to some of the guardians. The statement made by the guardians is that there is no necessity of sending them to these schools. It is only the education that we get from the *Nattu Ezhuthassans*, that we get there. So, something should be done immediately in the matter. With these few words, I beg leave of the House to withdraw.

Motion, by leave, withdrawn

Cut Motions Nos. 11 and 12

Assumption of Kerala Kala Mandalam by Government

11. To reduce the allotment of Rs. 7,000 for Kerala Kalamandalam by Re. 1.

* Speech not corrected by the hon'ble member.

LIBRARY ARCHIVES Kerala Legislative Assembly

(The assumption of Kerala Kala Mandalam by Government, and to request the Government to work the Institution properly and without delay.) *[Mr. P. Govinda Menon].*

12. *To omit the allotment of Rs. 7,000 for working of Kerala Kala Mandalam.*

(The impropriety of having Institutions like the Kerala Kala Mandalam under State management.) *[Mr. K. R. Viswambharan].*

* **Mr. P. Govinda Menon** *(Mulakunnathukavu)* : Sir, I move *to reduce the allotment of Rs. 7,000 for Kerala Kalamandalam by Re. 1. (The assumption of Kerala Kalamandalam by Government, and to request the Government to work the Institution properly and without delay) :*

ഈ പ്രമേയം ഞാനിവിടെ അവതരിപ്പിച്ചിട്ടുള്ളതു് കേരള കലാമണ്ഡലത്തിന്റെ നടത്തിപ്പിനെക്കുറിച്ചു രണ്ടു വാക്കു പറയുവാൻ അവസരം കിട്ടുവാനാണു്. വളരെക്കാലമായി മഹാകവിയുടെ പരിശ്രമത്തിന്മേൽ കൊച്ചീരാജ്യത്തു ചെറുതുരുത്തിയിൽ തുടങ്ങി; കേരളത്തിൽ മാത്രമല്ല ഇൻഡ്യ മുഴവനും ഇൻഡ്യക്കു പുറമേയും പ്രശസ്തി സമ്പാദിച്ച ഒരു സ്ഥാപനമാണു കേരളകലാമണ്ഡലം. ആ സ്ഥാപനം സക്കാരിൽ നിന്നും ഏറെറടുത്തുവെന്നുള്ള വർത്തമാനം കേട്ടതിനു ശേഷം അതിന്റെ പ്രവർത്തനത്തിൽ പല മാന്ദ്യങ്ങളും കാണുകയുണ്ടായിട്ടുണ്ടു്. വളരെ ഉപകരണങ്ങളും വളരെയധികം സ്വത്തുക്കളും ആ സ്ഥാപനത്തോടുകൂടി അതിന്റെ ഉടമസ്ഥന്മാർ സക്കാരിലേക്കു വിട്ടുകൊടുത്തിട്ടുണ്ടെന്നാണറിയുന്നതു്. സ്ഥാപനത്തിന്റെ ആദ്യോദ്ദേശങ്ങളെ സക്കാരിൽനിന്നും നടത്തുമെന്നുള്ള വിശ്വാസത്തോടുകൂടി ആ സ്വത്തുക്കളും സ്ഥാപനവും സക്കാരിലേക്കു വിട്ടുകൊടുക്കുകയാണുണ്ടായിട്ടുള്ളതു്. അതിനുശേഷം വ്യവ-ലെ ഡ-ാംആക്ടായ കൊച്ചീ ധർമ്മസ്ഥാപന ആക്ടനുസരിച്ചു രജിസ്ട്രാക്കപ്പെട്ട ആ കലാമണ്ഡലസ്ഥാപനം അവർ പരിച്ചുവിടുകയുമുണ്ടായി എന്നാണു ഞാനറിയുന്നതു്. ആ സ്ഥാപനം സക്കാരിലേക്കു് ഏറെറടുത്തതിനെക്കുറിച്ചു് അഭിപ്രായവ്യത്യാസമുണ്ടെന്നു് എന്റെ മാന്യസ്നേഹിതൻ മിസ്റ്റർ വിശ്വംഭരന്റെ അടുത്ത പ്രമേയംകൊണ്ടു കാണുന്നുണ്ടു്. അതിനെക്കുറിച്ചു് അഭിപ്രായവ്യത്യാസത്തിനു് അവകാശമില്ലെന്നാണു ഞാനാശിയ്ക്കുന്നതു്. കലാപ്രോത്സാഹനം എല്ലാ പരിഷ്കൃത ഗവർമ്മെണ്ടുകളുടേയും ചുമതലയാണെന്നാണു ഞാൻ വിചാരിക്കുന്നതു്. മറവു സാധാരണ സ്കൂളുകൾ നടത്തുന്ന വിധത്തിൽ അത്ര നിഷ്പ്രയാസമായി ഒരു ആട്ട്സ്കൂൾ നടത്തുവാൻ സാധിക്കുകയില്ലെങ്കിലും മറവു സ്കൂളുകൾ നടത്തുന്നമാതിരി അതേ സമ്പ്രദായത്തിൽ ഒരു ആട്ട്സ്കൂൾ നടത്തേണ്ടതായിട്ടുള്ള ആവശ്യമില്ലെങ്കിലും വളരെക്കാലമായി അതിനെക്കുറിച്ചു വിവരമുള്ള ആളുകളുടെ നേതൃത്വത്തിൽ നടത്തിവരുന്ന ഒരു സ്കൂൾ സക്കാരിൽനിന്നും തുടർന്നു നടത്തിക്കൊണ്ടുപോകേണ്ടതു് ആ സ്കൂളിന്റെ നടത്തിപ്പിന്നു് ആവശ്യമാണെന്നുണ്ടെങ്കിൽ തീച്ചയായിട്ടും അതിനുള്ള ചുമതല സക്കാരിനുണ്ടെന്നാണു ഞാൻ വിചാരിക്കുന്നതു്. ആ ചുമതലാബോധത്തോടുകൂടിയായിരിക്കണം ആ സ്കൂൾ ഏറെറടുക്കുവാൻ ഗവർമ്മെണ്ടു തുനിഞ്ഞതു്. കേവലം അതിന്റെ ചുമതലകൾ മാത്രമല്ല ഏറെറടുക്കുകയുണ്ടായിട്ടുള്ളതു്. വളരെ അധികം ധനവും ഉപക

*Speech not corrected by the hon'ble member.

LIBRARY ARCHIVES Kerala Legislative Assembly

രണങ്ങളും അതോടുകൂടി സക്കാരിലേക്ക കിട്ടീട്ടുണ്ടെന്നാണ് അറിയുന്നത്. പത്തു പന്ത്രണ്ടുകൊല്ലക്കാലത്തെ ആ സ്റ്റഡം നടത്തിപ്പിന്റെ പാരമ്പര്യവും അതോടുകൂടി സക്കാരിലേക്ക് ഒരു മാതൃകയായി കിട്ടീട്ടുണ്ട്. എന്നാൽ ആ സ്ഥാപനം സക്കാരിൽനിന്നും ഏറെറടുത്തതിനുശേഷം അതിന്റെ നടത്തിപ്പിന്റെ കായ്ത്തിൽ എഡ്യുക്കേഷൻ ഡിപ്പാർട്ടുമെണ്ടിൽ നിന്നു വേണ്ടത്ര ജാഗ്രതകാണിച്ചിട്ടുണ്ടെന്നു വിശ്വസിക്കുവാൻ നിവൃത്തിയില്ല. ആട്ട് സ്റ്റഡം ഡയറക്ടരായ മഹാകവിക്കും മറെറ ചില ഉദ്യോഗസ്ഥന്മാർക്കും ശമ്പളം കൊടുത്തുവരുന്നുണ്ടെന്നു കേൾക്കുന്നുണ്ട്. പക്ഷെ മേലാൽ സ്റ്റഡംനടത്തിപ്പിന്റെ കായ്ത്തിൽ ഇതേവരെ ഗവമ്മെണ്ടു യാതൊന്നും പ്രവൃത്തിച്ചിട്ടില്ലെന്നാണറിയുന്നത്. അതേമാതിരിയിൽ തന്നെ സ്റ്റഡം കെട്ടിടങ്ങൾക്കും വേണ്ടതായ പ്രവൃത്തികളും ചെയ്തുവരുന്നില്ലെന്നറിയുന്നുണ്ട്. ഇപ്രകാരം ഒരു ഉദാസീനതയും അനാസ്ഥയും ആ സ്ഥാപനത്തോട് അതു ഏറെറടുത്തതിനുശേഷം കാണിക്കുന്നതു തീച്ചയായും ക്ഷന്തവ്യമാണെന്നു തോന്നുന്നില്ല. ഈ മേടമാസത്തിൽ സ്റ്റഡം ഏറെറടുത്തതിനുശേഷം ഇതുവരെ മൂന്നു നാലു മാസമായിട്ടും അവിടത്തെ അദ്ധ്യാപനം തുടർന്നുപോവുകയാകട്ടെ നിസ്സാരമായ പി. സി. ആർ. പ്രവൃത്തികളുംപോലും നടത്തുകയാകട്ടെ ചെയ്യാതെ ഗവമ്മെണ്ടിൽനിന്നും ഈ അജാഗ്രത തുടരുന്നതിന്റെ കാരണമെന്താണെന്നറിയുവാൻ ഈ സഭയ്ക്ക് അവകാശമുണ്ട്. കേരളകലാമണ്ഡലം സക്കാരിൽനിന്നും ഏറെറടുത്തതിനുശേഷം ഇതുവരെ അതിനുവേണ്ടിയുള്ള പ്രവൃത്തികളും യാതൊന്നും ചെയ്യാതിരുന്നതിന്റെ കാരണമെന്താണെന്നുള്ള ചോദ്യത്തിനു ഗവമ്മെണ്ടു തക്കതായ മറുപടി പറയുമെന്നു ഞാൻ വിചാരിക്കുന്നു. ഇതുവരെ ഗവമ്മെണ്ടു അജാഗ്രതയായി പ്രവൃത്തിക്കുന്നതിനുള്ള കാരണം എത്രതന്നെയായിരുന്നാലും മേലാൽ ഈ കായ്ത്തിൽ ജാഗ്രതയായിട്ടു പ്രവൃത്തിച്ചു് ഈ സ്ഥാപനത്തിന്റെ പ്രശസ്തിയെ പരിപാലിക്കുമെന്നുള്ള വിശ്വാസത്തോടുകൂടി ഞാൻ ഈ ഉപക്ഷേപം അവതരിപ്പിച്ചുകൊള്ളുന്നു.

***Mr. K. R. Viswambharan** *(Ezhuvas-Talappalli):* Sir, I move *to omit the allotment of Rs. 7,000 for working of Kerala Kala Mandalam.* The object is *to bring to the notice of the Government the impropriety of having institutions like the Kerala Kala Mandalam under State Management.*

ഈ പ്രമേയം ഈ സഭമുമ്പാകെ അവതരിപ്പിക്കുമ്പോൾ കേരളകലാമണ്ഡലം എന്ന സ്ഥാപനത്തിന്റെ നേതാക്കന്മാരായ മഹാകവികളോടും കലാപ്രണയികളോടും എനിയ്ക്കു നിസ്സാരഭാവമുള്ളതായൊ കലയോടും സാഹിത്യത്തോടും ബഹുമാനപ്പെട്ട മുളങ്കുന്നത്തുകാവു് മെമ്പറേക്കാൾ അഭിരുചി കുറവുള്ളതായോ ഈ സഭ തെറിദ്ധരിയ്ക്കാതിരിക്കണമെന്നാണ് നിയ്ക്ക് ആദ്യമായി ഇവിടെ പറയുവാനുള്ളതു്. കല പരിഷ്കൃതഗവമ്മെണ്ടുകളുടെ പരിലാളനം പാലിയ്ക്കേണ്ട ഒരു വിഭാഗമാണെന്നു ബഹുമാനപ്പെട്ട മുളങ്കുന്നത്തുകാവു മെമ്പർ ഇവിടെ പ്രസ്താവിക്കുകയുണ്ടായി. അതു വാസ്തവംതന്നെ. എന്നാൽ കേരളകലാമണ്ഡലം ഒരു ഗവമ്മെണ്ടിന്റെ നേതൃത്വത്തിൽ ഏറെറടുക്കാവുന്ന ഒരു സ്ഥാപനമാണോ എന്നും, അവിടെ നടത്തുന്ന അഭ്യസനങ്ങൾ ഏതുവിധത്തിലാണു കലാപരിപോഷണത്തിനും ജനങ്ങളുടെ സാമാന്യമായ വിദ്യാഭ്യാസത്തിനും ഉപയോഗപ്പെടുന്നതെന്നുമാണ് ഈ സഭ ഇപ്പോൾ ആലോചിയ്ക്കേണ്ടിയിരിയ്ക്കുന്നതു്. കുറച്ചു മാസ

* Speech not corrected by the hon'ble member.

LIBRARY ARCHIVES Kerala Legislative Assembly

ങ്ങൾക്കുമുമ്പു കേരളകലാമണ്ഡലത്തെ ഗവമ്മെണ്ടു് ഏറെറടുത്തിരിക്കുന്നതായും ദേവസ്വം ഡിപ്പാർട്ടുമെണ്ടിൽനിന്നു് അതു മോചിക്കണമെന്നു നിർബ്ബന്ധിച്ചിട്ടുള്ളതായുമുള്ള ഒരു ഗവമ്മെണ്ടുത്തരവു ഗസറ്റിൽ പരസ്യപ്പെടുത്തിക്കണ്ടു അതിനുശേഷമാണു വിദ്യാഭ്യാസഡിപ്പാർട്ടുമെണ്ടിലേക്കു് അതു വിനിമയം ചെയ്യപ്പെട്ടതു്. ഇവിടെ വിദ്യാഭ്യാസകാര്യങ്ങളിൽ ഗവമ്മെണ്ടിനെ ഉപദേശിക്കുവാനുള്ളതും ഈ നിയമസഭയാൽതന്നെ രൂപീകരിക്കപ്പെട്ടതുമായ വിദ്യാഭ്യാസോപദേശകകമ്മിറ്റിയിൽ ഈ സംഗതിയെസംബന്ധിച്ചു് എന്തെങ്കിലും ആലോചനചെയ്തിട്ടുണ്ടോ എന്നു് ഈയവസരത്തിൽ എനിയ്ക്കു ഗവമ്മെണ്ടിനോടു ചോദിക്കുവാനുണ്ടു്. എന്റെ അറിവു ശരിയാണെങ്കിൽ ഈ നിയമസഭയിലെ അനുദ്യോഗസ്ഥമെമ്പർമാരോടോ, ഉപദേശകസമിതിയോടോ ഈ കലാസ്ഥാപനമാകുന്ന പ്രസ്ഥാനം എത്രതന്നെ മഹത്തരമായിരുന്നാലും അതിനെ ഏറെറടുക്കുന്നതിനെപ്പറ്റി ആലോചിയ്ക്കുകയുണ്ടായിട്ടില്ലെന്നാണു വ്യക്തമായി കാണുന്നതു്. ഇതുവരെ നമ്മുടെ നാട്ടിൽ ഇല്ലാതിരുന്ന ഒരു കാര്യത്തെ സംബന്ധിച്ചു് എന്തെങ്കിലും പ്രവൃത്തിക്കുകയൊ, ഇതുപോലുള്ള സ്ഥാപനങ്ങളെ ഗവമ്മെണ്ടിൽനിന്നും ഏറെറടുക്കുകയൊ ചെയ്യുമ്പോൾ ഈ നിയമസഭയോടു ഗവമ്മെണ്ടിനുള്ള ഉത്തരവാദിത്വത്തെ അവർ ശരിയായി വിനിയോഗിച്ചിട്ടില്ലെന്ന വ്യക്തമാകുന്നതാണു്. കേരളകലാമണ്ഡലത്തിലെ പഠനങ്ങളെസംബന്ധിച്ചും അവിടെ നടത്തുന്ന അഭ്യസനങ്ങളെസംബന്ധിച്ചും എനിക്കും രണ്ടുവാക്കു പറയുവാനുണ്ടു്. അവിടെ ഡാൻസിംഗ്, നാട്യകല, നൃത്തകല മുതലായവയെല്ലാം ശരിയായി പഠിപ്പിയ്ക്കുന്നുണ്ടെന്നാണു ജനങ്ങൾ പറയുന്നതു്. അന്യദേശീയരായ ചില കലാകുതുകികൾ സന്ദർശനത്തിനുവരുമ്പോൾ അവരുടെ നല്ല വാക്കിനു് ഇത്തരം അഭ്യസനങ്ങൾ വിഘ്നമീടുവിക്കുന്നതും പത്രങ്ങളിൽ നമുക്കു കാണുവാൻ സാധിച്ചിട്ടുണ്ടു്. വാസ്തവത്തിൽ കേരളകലാമണ്ഡലത്തിൽ അഭ്യസനം നടത്തുന്നതുപോലെയുള്ള കലകൾ ഒരു ഗവമ്മെണ്ടിന്റെ നേതൃത്വത്തിൽ നടത്തപ്പെടേണ്ട ആവശ്യമില്ലെന്നാണു് എനിക്കു പറയുവാനുള്ളതു്.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ : എന്തുകൊണ്ടു്?

മിസ്റ്റർ കെ. ആർ. വിശ്വംഭരൻ : ഞാൻ ചോദിക്കുന്ന സിനിമാകമ്പനിക്കാർ ഏറവും നല്ലനിലയിൽ കലാപോഷണത്തിനായി പരിശ്രമിക്കുന്നില്ലേ, അതുപോലെതന്നെ നാടകകമ്പനിക്കാരും കലാപോഷണപരമായ പരിശ്രമങ്ങളും നടത്തുന്നില്ലേ എന്നു്? അവയെ എന്തുകൊണ്ടു് ഒരു ഗവമ്മെണ്ടു സ്ഥാപനമായി ഏറെറടുത്തു നടത്തുന്നില്ലെന്നാണു ഞാൻ ചോദിക്കുന്നതു്. വാസ്തവത്തിൽ ചില പ്രത്യേക സാഹചര്യങ്ങളിൽ ചില പ്രത്യേകമായ പരിശീലനത്തിനു വിധേയരായിട്ടുള്ള ആളുകൾക്കു മാത്രമെ അങ്ങിനെയുള്ള കലാഭ്യസനംകൊണ്ടു് ഉപജീവനമാർഗ്ഗം നടത്തുവാൻ സാധിയ്ക്കുന്നുള്ളു. കേരളകലാമണ്ഡലത്തിൽ പഠിച്ചു പരിശീലനം ലഭിക്കുന്ന കുട്ടികളിൽ എത്രപേർ ശരിയായ കലാകുതുകികളും കലപരിശീലിച്ചിട്ടുള്ളവരുമായിതീരുമെന്നുള്ളതിനെ സംബന്ധിച്ചും നമുക്കു സംശയിക്കേണ്ടിരിക്കുന്നു. വാസ്തവത്തിൽ കേരളകലാമണ്ഡലത്തെ സംബന്ധിച്ചു എനിക്കു വലിയ ബഹുമാനമുണ്ടെങ്കിലും അതിനെസംബന്ധിച്ചു പല തെറിദ്ധാരണകളും സാഹിത്യലോകത്തിന്റേയും കലാകാരന്മാരുടേയും ഇടയിലുണ്ടെന്നുള്ള സംഗതി ഇവിടെ പ്രസ്താവിക്കാതെ തരമില്ല. സന്മാർഗ്ഗവും കലയും തമ്മിൽ യാതൊരു ബന്ധവും ഉണ്ടായിരിക്കുവാൻ പാടില്ലെന്നുള്ള ചില അഭിപ്രായങ്ങളും ഈ സ്ഥാപനത്തിന്റെ ചില സ്ഥാനങ്ങളിൽനിന്നു പുറപ്പെട്ടിരിക്കുന്നതായി ഞാൻ ഈ അവസരത്തിൽ ഈ സഭയെ ഉണർത്തുവാൻ ഉദ്ദേശിക്കുന്നു. കലയുടെ ഉദ്ദേശം എത്രതന്നെയായാലും ജനങ്ങളുടെ സാന്മാർഗ്ഗികബോധത്തെ വ്രണ

LIBRARY ARCHIVES Kerala Legislative Assembly

പ്പെടുത്തുന്ന നിലയിലും ജനങ്ങളുടെ സന്മാർഗ്ഗത്തിനു വിരോധമായ നിലയിലും കലയെ പരിപോഷിപ്പിക്കുന്നതു് ഏറ്റവും ഭയങ്കരമായ ഒരു സ്ഥിതിഗതിയായിരിക്കും. ഇന്നു കേരളത്തിലെ സാഹിത്യലോകവും കലാപ്രണയികളും ഏറ്റവും ഉൽക്കണ്ഠാജനകമായ ഒരു ഉത്തരം ഇതിനു നൽകിയിട്ടുണ്ടു്. സ്വന്തം കാലിൽ നില്ക്കുന്ന ഈസ്ഥാപനത്തെ ഗവമ്മെണ്ടു് ആരോടു ചോദിച്ചു് ഏറ്റെടുത്തുവെന്നുള്ള ചോദ്യം ഈ നിയമസഭയിലെ ഓരോ അനുദ്യോഗസ്ഥമെമ്പർമാക്കും ചോദിക്കുവാനവകാശമുണ്ടെന്നാണു് എനിക്കു പറയുവാനുള്ളതു്. അടുത്തുണ്ടായ ഉത്തരവനുസരിച്ചു ദേവസ്വം ഡിപ്പാർട്ട്മെണ്ടിൽനിന്നു് ഇതിന്റെ പകുതി ച്ചിലവു നിർവ്വഹിക്കണമെന്നുള്ളതു് അങ്ങിനെതന്നെയായിരുന്നുവെങ്കിൽ ഈ ഒരു പ്രശ്നം ഇവിടെ വരുമായിരുന്നില്ല. ദേവസ്വം ഡിപ്പാർട്ട്മെണ്ടു് ഈ നിയമസഭയുടെ പരിധിയിൽപ്പെടുന്ന ഒന്നല്ല. എന്നാൽ ഇപ്പോൾ വിദ്യാഭ്യാസഡിപ്പാർട്ട്മെണ്ടിൽനിന്നു് ഏഴായിരം ഉറുപ്പികയോളമുള്ള ഒരു വലിയ സംഖ്യ ശമ്പളമായും മറ്റും കൊടുക്കേണ്ടതായിട്ടാണു് വന്നിരിക്കുന്നതു്. അതു തീർച്ചയായും പരാജയപ്പെട്ടുമെന്നു പറയുവാൻ ഒരു ദീർഘദർശിത്വമൊന്നും വേണ്ട. അവരുടെ ചില പ്രത്യേക ആളുകൾ ജീവിച്ചിരിക്കുന്നിടത്തോളംകാലം, ആ കലാലയം അവിടെ നിലകൊള്ളുമെന്നുള്ളതല്ലാതെ ഗവമ്മെണ്ടിന്റെ പണം എത്രമാത്രം ചിലവു ചെയ്താലും ചില ആളുകളുടെ തിരോധാനത്തിനുശേഷം ഈ സ്ഥാപനം നാമാവശേഷമായിപോവുകയില്ലേയെന്നുള്ള കാര്യം ഗവമ്മെണ്ടു് ആലോചിക്കേണ്ടതാണു്. വാസ്തവത്തിൽ ഗവമ്മെണ്ടിനു വലിയ ചീത്തപ്പേരുണ്ടാക്കുന്ന സ്ഥാപനമാണിതെന്നു പറയാതെ തരമില്ല. അതിനാൽ ഈ ഏഴായിരം ഉറുപ്പിക നമ്മുടെ ബഡ്ജറിൽ നിന്നു തീരെ നീക്കിവെക്കണമെന്നാണു് എനിക്കു് ഈ നിയമസഭയോടു പറയുവാനുള്ളതു്.

മിസ്റ്റർ പൂയ്ക്കുന്നത്തു് അച്യുതമേനോൻ: മിസ്റ്റർ പ്രസിഡണ്ടു് സർ, എന്റെ മാന്യസ്നേഹിതൻ വിശ്വംഭരൻ അവർകളും അദ്ദേഹത്തിനുള്ള സർവ്വവിധത്തിലുള്ള ആവേശത്തോടുകൂടി കേരള കലാമണ്ഡലത്തിന്റെ അനീതികളേയും അക്രമങ്ങളേയും പരാമർശിച്ചു് ഉദ്ദേശം അരമണിക്കൂറോളം ഇവിടെ ചെയ്ത പ്രസംഗത്തിൽ ഒരക്ഷരവും വാസ്തവമല്ലെന്നു് എടുത്തുപറയുന്നതിനു ഞാൻ മടിക്കുന്നില്ല. വാദത്തിനുവേണ്ടി കേരളകലാമണ്ഡലം ഒരുകാലത്തു സന്മാർഗ്ഗബോധത്തെ ബലികഴിച്ചിട്ടുണ്ടെന്നതന്നെ വകവെച്ചുകൊടുക്കുക. ഒരുകാലത്തു കലകളുടെ പ്രോത്സാഹനമല്ല, ഉന്മാർഗ്ഗത്തിന്റെ വിളനിലമായിട്ടാണു് അതു നടന്നിരുന്നതെന്നുള്ളതതു് എന്റെ മാന്യസ്നേഹിതന്റെ വാദത്തിനുവേണ്ടി വകവെച്ചുകൊടുക്കുക. എന്നിരുന്നാലും ആവേശത്തോടുകൂടിയ ഇങ്ങിനെയുള്ള ഒരു പ്രസംഗം ഒരു വലിയസ്ഥാപനത്തോടുചെയ്യുന്നു അനീതിയല്ലേ? അദ്ദേഹത്തിന്റെ പ്രസ്താവനകളെ സാധൂകരിക്കാൻ വേണ്ടതായ സംഗതികൾ അദ്ദേഹത്തിനുണ്ടോ എന്നാണു ഞാൻ ചോദിക്കുന്നതു്. ഗവമ്മെണ്ടു നിയമസഭയോടു ചോദിക്കാതെ ചെന്നൊറെടുത്തതിനെ മറുകെ പിടിച്ചു് ഇങ്ങിനെ ശകാരവർഷം ഒരു സ്ഥാപനത്തിന്റെ നേരെ ചൊരിയുന്നതു് ഉത്തരവാദിത്വബോധമുള്ള ഒരു നിയമസഭക്കു ശ്ലാഘനമാണൊ എന്നാണു ഞാൻ ചോദിക്കുന്നതു്.

Mr. M. K. Devassy *(Adur):* He was attacking the procedure adopted by the Government.

Mr. A. V. Moothedan *(Chalakkudi):* That is not the method of attack to be adopted by the Member.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പുത്തൂർ അച്യുതമേനോൻ: ഏഴായിരം ഉറുപ്പിക ബഡ്ഡറ്റിൽ വക കൊള്ളിച്ചതിനുള്ളിലുള്ള തത്വം ഒരു വ്യക്തിയുടെ മാഹാത്മ്യം കൊണ്ടാകട്ടെ, പല വ്യക്തികളുടേയും മാഹാത്മ്യം കൊണ്ടാകട്ടെ പൊതുജനസേവനതല്പരതകൊണ്ടു നിലനിന്നിരുന്ന ഒരു സ്ഥാപനത്തെ ഈ സഭയോടു് ഉത്തരവാദിത്വം കാണിക്കാതെ ഗവമ്മെണ്ടു ഭരിക്കാമെന്നു പറഞ്ഞു് ഏറെറടുത്തതിനുശേഷം ഇപ്പോൾ പിന്നോക്കം തിരിഞ്ഞുനിന്നു ഞങ്ങൾക്കു കഴിയുകയില്ല, നിങ്ങൾതന്നെ ഭരിച്ചു കൊള്ളുക എന്നു പറയുന്നതു ന്യായത്തിനും, നീതിക്കും യോജിച്ചതാണൊയെന്നാണെനിക്കു ഗവമ്മെണ്ടിനോടു ചോദിക്കുവാനുള്ളതു്. ഇതിലും വലുതായ കാര്യങ്ങൾ ഈ നിയമസഭയോടു ചോദിക്കാതെ ചെയ്തിട്ടുള്ളതിൽ എന്തുകൊണ്ടു നിങ്ങൾ അടങ്ങിയിരുന്നു? നിങ്ങളുടെ ശക്തിമുഴുവൻ ഈ സ്ഥാപനത്തിന്റെ നേരെ തിരിഞ്ഞതിൽ ചില പ്രത്യേക കാരണങ്ങളുണ്ടെന്നാണൊ മനസ്സിലാക്കേണ്ടതു്.

മിസ്റ്റർ ടി. കെ. നായർ: അതിന്റെ ഭാരവാഹികളുടെ യാതൊരു ആവശ്യവുമില്ലാതെ ഗവമ്മെണ്ടുതന്നെ നേരിട്ടുപോയി ആവശ്യപ്പെടുകയാണൊ ചെയ്തിട്ടുള്ളതു്?

മിസ്റ്റർ പുത്തൂർ അച്യുതമേനോൻ: വാസ്തവത്തിൽ ഗവമ്മെണ്ടിനും, അതിന്റെ അധികാരംക്രൂടി വേണമെന്നുള്ള സംഗതിയെസ്സംബന്ധിച്ചു് ആലോചിച്ചതിന്റെ ഫലമായിട്ടാണു കേരളകലാമണ്ഡലം ഗവമ്മെണ്ടിന്റെ കയ്യിൽ വന്നു ചേർന്നതെന്നു പറയുവാൻ ഞാൻ ഒട്ടും മടിക്കുന്നില്ല.

ഗവമ്മെണ്ടു് ഏറെറടുക്കുന്നതിനുമുമ്പും ഈ സ്ഥാപനം നടന്നിരുന്നു. ഗവമ്മെണ്ടു് ഏറെറടുക്കാതെ നടക്കുമെന്നു ജനങ്ങൾ വിശ്വസിച്ചിരുന്നു.

Mr. M. K. Devassy *(Adur)*: MayI know, Sir, whether there was any application from the Kala Mandalam?

Mr. President: There was an application first from the governing body. But this could not be taken on an application because it was a registered body. It must first of all be dissolved. Three-fifths of the general body also resolved to dissolve it. They decided to give it over to the Government on certain terms.

മിസ്റ്റർ പുത്തൂർ അച്യുതമേനോൻ: കടലാസ്സിൽ എന്തെല്ലാം കണ്ടാലും, കേരളകലാമണ്ഡലം മാനേജ്മെൻറ്, ആവശ്യപ്പെട്ടവെന്നു വകവെച്ചു കൊടുക്കുവാൻ തയ്യാറാണെങ്കിലും, അവരെക്കൊണ്ടു നടത്തുവാൻ സാധിക്കുന്നതല്ലെന്നും, അതു നാമാവശേഷമാകുമെന്നും കൊച്ചി ഗവമ്മെണ്ടിനോടപേക്ഷിച്ചതിന്റെയും, ഗവമ്മെണ്ടിന്നു ബോദ്ധ്യപ്പെട്ടതിന്റേയും ശേഷമാണു് ഇങ്ങിനെ ഏറെറടുത്തതെന്നു തെളിച്ചു പറയുവാൻ ഞാൻ ഒരുങ്ങുകയില്ല. ഗവമ്മെണ്ടിന്നും ഭാരവാഹികൾക്കും ഈ കാര്യത്തിൽ വലിയ പങ്കുണ്ടായിരുന്നുവെന്നാണു് വിശ്വസിക്കേണ്ടതു്.

മിസ്റ്റർ കെ. ആർ. വിശ്വംഭരൻ: അതു ശരിയല്ല.

മിസ്റ്റർ പുത്തൂർ അച്യുതമേനോൻ: ഞാൻ പറയുന്നതു ശരിയല്ലെങ്കിൽ അതു് എന്റെ മാന്യസ്നേഹിതൻ വകവെച്ചു തരണമെന്നു ഞാൻ ആവശ്യപ്പെടുന്നില്ല. ഈ കാര്യത്തിൽ കൊച്ചി ഗവമ്മെണ്ടു് ഈ നിയമസഭയോടു വലിയൊരു അനീതിയാണു ചെയ്തിട്ടുള്ളതെന്നുള്ള വാദത്തിന്മേൽ പ്രശസ്തിയുള്ള ആ സ്ഥാപനത്തെ നശിപ്പിക്കുവാൻ ശ്രമിക്കുന്നതു് ഉത്തരവാദപ്പെട്ട ഒരു നിയമസഭയുടെ ധർമ്മ

LIBRARY ARCHIVES Kerala Legislative Assembly

മല്ലെന്നാണെനിക്കു പറയുവാനുള്ളതു്. എന്റെ മാന്യസ്നേഹിതൻ ശ്രീമാൻ വി ശ്വംഭരൻ പറഞ്ഞതുപോലെ ഈ സഭയോടു് ആലോചിക്കാതെ കൊച്ചി ഗവമ്മെണ്ടിൽനിന്നു് കേരളകലാമണ്ഡലം ഏറെറടുത്തതു് അനീതിയും, അക്രമവുമാണെന്ന വകവെച്ചുകൊടുക്കുവാൻ ഞാൻ തയ്യാറാണു്. അതേസമയത്തുതന്നെ ഗവമ്മെണ്ടു് ഇതിനെ മാനേജുചെയ്യുന്നതിനു തയ്യാറില്ലെങ്കിൽ ഈ സ്ഥാപനത്തിന്റെ ഇന്നത്തെ നില എന്തായിരിക്കുമെന്നുള്ളതു കൂടി എന്റെ മാന്യ സ്നേഹിതന്മാർ ആലോചിക്കണമെന്നെനിക്കപേക്ഷയുണ്ടു്. ബഹുമാനപ്പെട്ട മുകുന്നത്തുകാവു മെമ്പർ പറഞ്ഞതു പോലെ ധർമ്മസ്ഥാപനപ്രകാരം റജിസ്ട്രാക്കപ്പെട്ട സംഘം പിരിച്ചു വിട്ടതിനു ശേഷമാണു ഗവമ്മെണ്ടിൽനിന്നും അതു് ഏറെറടുത്തിരിക്കുന്നതു്. ഇനു് ആ സംഘം നിലവിലുണ്ടൊ, അതിനെ രൂപീകരിക്കുവാൻ പൊതുജനങ്ങളാരെങ്കിലും തയ്യാറുണ്ടോയെന്നുള്ളതിനെ പററി ആലോചിക്കേണ്ട ഒരു ചുമതല ഈ നിയമസഭക്കുണ്ടു്. പിന്നെ കേരള കലാമണ്ഡലമെന്നുള്ള സ്ഥാപനം സന്മാർഗ്ഗത്തിൽ കൂടിയല്ല ചരിക്കുന്നതു്, ദുർമാർഗ്ഗത്തിന്റെ വിളനിലമാണെന്നു് ഇവിടെ പറയുകയുണ്ടായി. സർ, കലയുടെ സന്മാർഗ്ഗവശങ്ങളെ സംബന്ധിച്ചു് വാദപ്രതിവാദം ചെയ്യുന്നതിനുള്ള ഒരു സന്ദർഭമല്ല ഇതു്.

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: നല്ലവണ്ണം ആലോചിക്കേണ്ട കാര്യമതാണു് (ചിരി).

മിസ്റ്റർ പത്തൂർ അച്യുതമേനോൻ: കലക്കും സന്മാർഗ്ഗത്തിനും തമ്മിലുള്ള ബന്ധത്തെ കുറിച്ചാലോചിക്കുമ്പോൾ എനിക്കു പറയുവാനുള്ളതു കലക്കു സന്മാർഗ്ഗബോധമില്ലെങ്കിൽ അതിനു കാരണം അതു കൊണ്ടുനടക്കുന്നവരുടെ ദോഷമാണു്, കലയിൽ ദുർമാർഗ്ഗമുണ്ടാക്കുന്നതു് അവരാണു് എന്നാണു്. കല സന്മാർഗ്ഗബോധത്തോടുകൂടിയതാണു്. കലാകാരന്മാർ വരുത്തുന്ന ദോഷമാണു കലക്കുള്ളതു്. ഇതു ശരിയായി കൊണ്ടുനടക്കുവാൻ തക്ക കഴിവു കൊച്ചി ഗവമ്മെണ്ടിനുണ്ടെന്നാണു ഞാൻ വിചാരിക്കുന്നതു്. കലാപ്രോത്സാഹനത്തിൽ ശ്രദ്ധയുള്ളതും സന്മാർഗ്ഗത്തിൽ ഉറച്ചു നില്ക്കുന്നതുമായ ഒരു ഗവമ്മെണ്ടിന്റെ കയ്യിൽകിട്ടിയാൽ പ്രശംസനീയമായ വിധത്തിൽ കൊണ്ടുനടക്കുമെന്നു് നമുക്കു് ആശിച്ചുകൂടേ? വിശ്വസിച്ചുകൂടേ? കലാമണ്ഡലത്തിൽ യാതൊരു ദുർമാർഗ്ഗത്തിനും പ്രവേശനമുണ്ടാവുകയില്ലെന്നും കൊച്ചി ഗവമ്മെണ്ടു് അവിടെ സന്മാർഗ്ഗം പാലിക്കുമെന്നും വിശ്വസിക്കുന്നവനാണു ഞാൻ.

മിസ്റ്റർ സി. വി. ഇയ്യു: കലാമണ്ഡലത്തിൽ സ്ത്രീകളുണ്ടൊ?

മിസ്റ്റർ പത്തൂർ അച്യുതമേനോൻ: കലാമണ്ഡലം എന്തിനാണു ഗവമ്മെണ്ടു് ഏറെറടുക്കുന്നതു്; നാട്ടുകാരെക്കൊണ്ടു പ്രോത്സാഹിപ്പിക്കേണ്ടതല്ലെയെന്നു് എന്റെ മാന്യ സ്നേഹിതൻ ചോദിച്ചു. കലാമണ്ഡലം ഏതു തരത്തിലുള്ള ഒരു സ്ഥാപനമാണെന്നു് എന്റെ മാന്യ സ്നേഹിതൻ ആലോചിച്ചിട്ടുണ്ടൊ? കലാമണ്ഡലം ചെറുതുരുത്തിയുടെ ഒരു ഭാഗത്തുള്ള ഒരു കെട്ടിടമല്ല. ലോകമൊട്ടുക്കു പേരെടുത്തിട്ടുള്ള ഒന്നാണതു്.. വശ്യകലയായ മുഞ്ഞം ൨൦൦൦ത്തിൽ കൂടുതൽ കൊല്ലത്തെ പഴക്കമുള്ള കഥകളി എന്നിവ നിലനിത്തി പാലിച്ചുകൊണ്ടുവന്ന ഒരു സ്ഥാപനമാണിതു്. അവയെ പ്രോത്സാഹിപ്പിക്കുന്ന ഒരു സ്ഥാപനത്തെ കൊച്ചി ഗവമ്മെണ്ടു് ഏറെറടുക്കുന്നതു് അഭിമാനകരംതന്നെയാണു്. ഒരുകാലത്തു തിരുവിതാംകൂർ ഗവമ്മെണ്ടിൽ നിന്നും ഈ കലാമണ്ഡലം സ്ഥാപിക്കുന്നതിനുള്ള സഹായങ്ങളും വഹിക്കാമെന്നു പറഞ്ഞിട്ടും വഴിപ്പെടാതെ കൊച്ചിയുടെ അഭിമാനത്തിനുവേണ്ടി ഇവിടെ സ്ഥാപിതമായിട്ടുള്ളതാണു കേരള

LIBRARY ARCHIVES Kerala Legislative Assembly

കലാ മണ്ഡലം. അതിനെ കൊച്ചി ഗവണ്മെണ്ടിൽ നിന്നു തീരെ ഉടച്ചു കളയുന്നതു നീതിക്കും, ന്യായത്തിനും, യോജിച്ചതല്ല. കേരള കലാമണ്ഡലം കേരളീയ കലകൾക്കു വേണ്ടി എന്തു ചെയ്യുന്നുവെന്നു കാഴ്ചക്കാർ അറിയുന്ന അക്കും ചോദ്യം ചെയ്യുവാൻ സാധിക്കുകയില്ല. കൊച്ചിരാജ്യത്തിലെ ഒരു തറവാട്ടിലെ ഒരംഗമായ ശ്രീ. മാധവൻ, ഉദയശങ്കർ ഒന്നിച്ചു മദിരാശി, ഇംഗ്ലണ്ടു്, അമേരിക്ക എന്നി സ്ഥലങ്ങളിൽ പോയി നൃത്തകലയിൽ പേരും, പെരുമയും, പ്രശസ്തിയും സമ്പാദിച്ചിട്ടുണ്ടു്. നൃത്തകലയിൽ പ്രസിദ്ധനായ ആനന്ദശിവരാമൻ, ശാന്തിനികേതനത്തിലെ നൃത്തകലാ അദ്ധ്യാപകനായ കേളുനായർ തുടങ്ങിയ പലരേയും കേരള കലാമണ്ഡലം സൃഷ്ടിച്ചതാണു്. സുപ്രസിദ്ധ സിനിമാ നടിയായ ലീലാദേശായി തന്നെ കലാമണ്ഡലത്തിൽ അഭ്യസിച്ചിട്ടുള്ളവരാണു്. തിരുവിതാംകൂർ പാലസ്സു് ഡാൻസുകാരായ ഗോപിനാഥനും തങ്കമണിയും കലാമണ്ഡലത്തിൽ പഠിച്ചവരാണു്. ഇങ്ങിനെയുള്ള വിദ്യാർത്ഥികളെ കൊണ്ടു കേരളകലാമണ്ഡലം ലോകത്തിൽവെച്ചു വലിയ പ്രശസ്തി സമ്പാദിച്ച ഒരു സ്ഥാപനമാണു്. കേരള കലാമണ്ഡലം പല മാന്യന്മാരുടേയും സന്ദർശനത്തിനു പാത്രമായിട്ടുള്ളതും, അവക്കു് അതിശയം ജനിപ്പിച്ചിട്ടുള്ള ഒരു സ്ഥാപനവുമാകുന്നു. വിദേശത്തിൽ നിന്നു് ഒരിക്കൽ ഇന്ത്യയിലേക്കു പുറപ്പെട്ട ഒരു സായ്പു് ഇന്ത്യയിൽ കാണുവാൻ ഉദ്ദേശിച്ചു പുറപ്പെട്ട സ്ഥാപനങ്ങളിൽ ഒന്നു ശാന്തിനികേതനവും ഒന്നു കേരള കലാമണ്ഡലവുമാണെന്നു നിങ്ങൾ അറിയുമ്പോൾ കേരള കലാമണ്ഡലത്തിനു പുറത്തുള്ള പ്രശസ്തി നിങ്ങൾക്കു മനസ്സിലാകുകയില്ലേ? സുപ്രസിദ്ധ നൃത്തകലാവിദഗ്ദ്ധൻ തന്നെ ലോകത്തിൽ സർവ്വവും തികഞ്ഞ നൃത്തനാട്യങ്ങൾ കണ്ടതു കേരള കലാമണ്ഡലത്തിൽനിന്നാണെന്നു പറയുമ്പോൾ ആസ്ഥാപനത്തിന്റെ നില നമുക്കു മനസ്സിലാകുന്നില്ലേ? അതുകൊണ്ടു് എനിക്കു് ഈ സഭയോടു് ഇവിടെ നടന്ന വാദപ്രതിവാദങ്ങൾ കൊണ്ടോ, എന്റെ മാന്യസ്നേഹിതന്റെ പ്രസംഗം കൊണ്ടോ, എന്തായും വിലയും നിലയുമുള്ള ഈ സ്ഥാപനത്തെ മലിനപ്പെടുത്തരുതെന്നാണു പറയുവാനുള്ളതു്.

കേരള കലാമണ്ഡലത്തിൽ ന്യൂനതകളുണ്ടായിരിക്കാം; അഴിമതികളുണ്ടായിരിക്കാം; അക്രമങ്ങളുണ്ടായിരിക്കാം; അതിനെപ്പറ്റിയെല്ലാം ഒരു വിധത്തിൽ വീട്ടിലിരുന്നുകൊണ്ടു സംസാരിച്ചു തീർക്കത്തക്കതേയുള്ളു. പ്രസംഗിച്ചു പ്രസിദ്ധീകരിക്കത്തക്കതല്ല. കേരള കലാമണ്ഡലം ഇന്നു വന്നുചേർന്നിട്ടുള്ളതു കൊച്ചി മഹാരാജാവു തിരുമനസ്സിലെ കയ്യിലാണു്. അദ്ദേഹത്തിന്റെ നീതിപൂർവ്വകവും ശ്രേയസ്കരവുമായ പ്രവർത്തനം കൊണ്ടു സമാഗ്രം നിലനിൽക്കുന്നു, കലാമണ്ഡലം പ്രശസ്തമായി വളരുമെന്നു നമുക്കു വിശ്വസിക്കുകയല്ലാതെ വെറും പ്രസംഗങ്ങൾ കൊണ്ടു കേരളകലാമണ്ഡലത്തിന്റെ പ്രശസ്തിയുള്ള മുഖത്തു കരി വാരി എറിയരുതെന്നു മാത്രമേ എനിക്കു പറയുവാനുള്ളു.

*മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ: സർ, സാക്ഷാൽ പരമശിവൻതന്നെ ദിവസംപ്രതി താണ്ഡവനൃത്തം ആടിക്കൊണ്ടിരിയ്ക്കുന്ന ഈ കലയെപ്പറ്റി ഇത്രത്തോളം ആക്ഷേപമുണ്ടായിക്കാണുന്നതു് അതിനെ സംബന്ധിച്ചുള്ള വിവരമില്ലാത്തതുകൊണ്ടോ കലാമണ്ഡലത്തെക്കുറിച്ചുള്ള തെറ്റിദ്ധാരണകൊണ്ടോ ആയിരിയ്ക്കണമെന്നാണു ഞാൻ വിചാരിയ്ക്കുന്നതു്. ആയതുകൊണ്ടു കലാമണ്ഡലത്തിന്റെ ചരിത്രത്തെപ്പറ്റി ഈ ബഹുമാനപ്പെട്ട സഭയിലെ മെമ്പർമാരുടെ അറിവിന്നായി ചുരുക്കത്തിൽ പറഞ്ഞു മനസ്സിലാക്കാം.

---

*Speech not corrected by the hon'ble member.

LIBRARY ARCHIVES Kerala Legislative Assembly

Mr. President : Unless you are very brief, I will have to put all the demands at 5'o clock.

Mr. T. A. Ramachandra Ayyar *(Nellayi):* I will take only a few minutes.

കലാമണ്ഡലം തുടങ്ങീട്ട് ഏറെ കൊല്ലമായിട്ടുണ്ട്. കലകൾ അഭ്യസിപ്പിച്ചു തുടങ്ങീട്ട് ഏ ഠ കൊല്ലമായി. മൂലധനം കൂടാതെ ഇങ്ങിനെ അഭിവൃദ്ധിയിൽ കൊണ്ടുവരുവാൻ സാദ്ധ്യമല്ലല്ലൊ. ഇതിനു മദിരാശി ഗവൺമെണ്ടിന്റെ അനുമതിയോടുകൂടി ൭ ൦, ൦ ൦ ൦ ഉറുപ്പികക്കു് ഒരു ലോട്ടറി തുടങ്ങി, കൊച്ചി ഗവൺമെണ്ടു് ൨ ൫ ൦ ക. സംഭാവനയും, പറമ്പിനു് ൨, ൦ ൦ ൦ ക.യും ഏറെ ൫ കണ്ടി മരവും കൊടുത്തിട്ടുള്ളതിനും പുറമെ ഏറെക്കാലം മുതൽ ൭ ൫ ക. ഗ്രാൻഡും കൊടുത്തുവന്നിരുന്നു. ഇതിനും പുറമെ അന്യരാജ്യങ്ങളിൽനിന്നും വളരെ സംഭാവനകളും കിട്ടീട്ടുണ്ടു്.

രണ്ടായിരത്തോളം കൊല്ലം പഴക്കമുള്ള കഥകളി മുതലായ കലകൾക്കു പറ്റിപ്പോയ ക്ഷയത്തിൽനിന്നു രക്ഷിച്ചുപോഷിപ്പിക്കുകയും പരിഷ്കൃതലോകത്തിന്റെ ദൃഷ്ടിയിൽ കൊണ്ടുചെല്ലുകയുമാണു് ഇതിന്റെ ഉദ്ദേശം. ഇന്നു കേരളത്തിൽ മാത്രമല്ല, ഇന്ത്യയിൽ മാത്രമല്ല, യൂറോപ്പു്, അമേരിക്ക മുതലായ രാജ്യങ്ങളിൽക്കൂടി കലാമണ്ഡലത്തിന്റെ കീർത്തി പരന്നുകഴിഞ്ഞിരിക്കുന്നു. ബാംബെയിൽവെച്ചു നടത്തിയ കഥകളികണ്ടു സംതൃപ്തരായ ഒരു യൂറോപ്യൻ മദാമ്മയും, അമേരിക്കക്കാരനായ ഒരു സായിപ്പും കലാമണ്ഡലം സന്ദർശിച്ച അവസരത്തിൽ ൨, ൦ ൦ ൦ ക. വീതം സംഭാവന ചെയ്തു. ബാംബെ, അഹമദാബാദ്, ലക്നൌ, കൽക്കട്ട, ഡൽഹി, ബമ്മാ എന്നിവിടങ്ങളിലും കഥകളിയോഗത്തെ ആദരവോടെ കൊണ്ടാടീട്ടുണ്ടു്. പാരീസ്സുകാരനായ ഒരു സായിപ്പു് കലാമണ്ഡലം സന്ദർശിച്ച അവസരത്തിൽ പാരീസ്സിലേയ്ക്കും അമേരിക്കയിലേയ്ക്കും അദ്ദേഹത്തിന്റെ ചിലവിന്മേൽ ക്ഷണിച്ചു. എന്നാൽ യുദ്ധംകാരണം അങ്ങോട്ടു പോകുവാൻ സാധിച്ചിട്ടില്ല.

മൈസൂർ, ബറോഡ, ഗ്വാളിയർ എന്നീ മഹാരാജാക്കന്മാരും കലാമണ്ഡലക്കാരെ ക്ഷണിച്ചു സല്ക്കരിച്ചിട്ടുണ്ടു്.

ഈ കലാമണ്ഡലത്തിൽ പഠിച്ചു പുറത്തുപോയിട്ടുള്ള പല ആളുകൾക്കും വളരെ ഗുണങ്ങൾ കിട്ടീട്ടുണ്ടെന്നുള്ളതു മിസ്റ്റർ വിശ്വംഭരൻ ധരിച്ചിട്ടില്ലെന്നു തോന്നുന്നു.

Mr. K. R. Viswambharan *(Ezhuvas-Talappalli):* We are only on the question of state management of such institutions. There is no necessity for enumerating their achievements.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ : ഇതിന്റെ മാനേജ്മെൻറ് സ്റ്റേറ്റിൽനിന്നു നടത്തണമെന്നുള്ളതിന്റെ കാരണമാണു ഞാൻ പറയുന്നതു്. ഒരു സ്കൂൾ നടത്തേണ്ട ആവശ്യമുണ്ടെങ്കിൽ അതിന്റെ ചുമതലയും ഗവൺമെണ്ടുതന്നെ എടുക്കണമെന്നാണു പറയുന്നതു്.

കലാമണ്ഡലത്തിൽ പഠിച്ച ദരിദ്രവാസികളായ അസംഖ്യം കുട്ടികൾ ഇപ്പോൾ നല്ല സ്ഥിതിയിൽ ഇരിയ്ക്കുന്നുണ്ടു്. തിരുവിതാംകൂർ മഹാരാജാവിന്റെ പാലസ്സു ഡാൻസറായ ഗോപിനാഥൻ, അയാളുടെ ഭാര്യ തങ്കമണി എന്നിവർ കലാമണ്ഡലത്തിൽ മൂന്നോളം കൊല്ലം അഭ്യസിയ്ക്കപ്പെട്ടവരും, അവരുടെ പരമദാരിദ്ര്യത്തിൽനിന്നും കരകയറി സുഖമായി മാന്യത്തോടെ കഴിഞ്ഞുകൂടുന്നവരു

LIBRARY ARCHIVES Kerala Legislative Assembly

മാണു്. തൃപ്പൂണിത്തുറ രാധാലക്ഷ്മീവിലാസത്തിൽ സ്വത്താദ്ധ്യാപകനായി നിയമിയ്ക്കപ്പെട്ട മാധവനെ ഏഴുവർഷക്കാലം അഭ്യസിപ്പിച്ചതും, ഉദയശങ്കറുടെ സഹനത്തകനായി യൂറോപ്പിലും അമേരിക്കയിലും മറ്റും സഞ്ചരിച്ചു പ്രസിദ്ധിയും, പണവും സമ്പാദിപ്പാനിടവരുത്തിയതും കലാമണ്ഡലംതന്നെ. വിശ്വമഹാകവിയും, ദിവംഗതനാകയാൽ ഇന്നു ലോകംമുഴുവൻ അനുശോചിക്കുന്നവനുമായ മഹാകവി രവീന്ദ്രനാഥടാഗോറിന്റെ ശാന്തിനികേതനത്തിൽ സ്വത്താദ്ധ്യാപകനായി, അദ്ദേഹത്തിന്റെ വലിയ പ്രീതിയും, അനുഗ്രഹവും, നല്ല ശമ്പളവും നേടിപോരുന്ന എം. കെ. നായർ കലാമണ്ഡലത്തിൽ ഏഴു കൊല്ലം പഠിച്ച ഒരു ദരിദ്രകുടുംബാംഗമാണു്. അൽമോറായിൽ ഉദയശങ്കറുടെ കോളേജിൽ സ്വത്താദ്ധ്യാപകനും, സഹനത്തകനുമായിരിക്കുന്ന ശിവരാമനും, ഏഴു കൊല്ലം കലാമണ്ഡലത്തിലെ ശിഷ്യനുമായിരുന്നു. ഇയാൾക്കു സിലോണിൽ വളരെ ശിഷ്യന്മാർ ഇപ്പോഴുണ്ടു്.

ഈയിടയിൽ ബോമ്പെയിൽ സരോജനി നായിഡുവിനാൽ തുറക്കപ്പെട്ട കഥകളി സ്കൂളിന്റെ ഉടമസ്ഥൻ ജയശങ്കർ കലാമണ്ഡലത്തിലെ വിദ്യാർത്ഥിയാണു്, ഇയ്യാൾക്കു് ഇൻഡ്യയുടെ പലഭാഗത്തും പ്രസിദ്ധിയുണ്ടു്. ഇയ്യാൾ പ്രസിദ്ധ സിനിമാനടിയായ സാധനാബോസിന്റെ സഹനത്തകനുമായിരുന്നു. കലാമണ്ഡലത്തിലെ യുവതിമാരിൽ രണ്ടുപേർ (ഭാഗ്യവി, അമ്മിണി) സാധനാബോസിന്റെ സഹനത്തകികളായിരുന്നു. അവർ ഇപ്പോൾ മാസം ൨൦൦ ക. വീതം ശമ്പളത്തിൽ ഒരു സിനിമാക്കമ്പനിയിൽ ഡാൻസുചെയ്യുകയാണു്.

സമസ്തകേരളസാഹിത്യപരിഷത്തിനാൽ (പാലക്കാട്ടുവെച്ചു്) നാട്യകലാകുശല എന്ന ബിരുദം നല്കപ്പെട്ട വി. ലക്ഷ്മി ഒരു തീയ്യവനിതയാണെന്നുള്ളതും മിസ്സർ വിശ്വംഭരൻ ശ്രദ്ധവെക്കണം. ആ ലക്ഷ്മി ഒന്നിലധികം സദസ്സുകളിൽവെച്ചു പല സ്വർണ്ണമെഡലുകളും കിട്ടീട്ടുള്ളവളും പല സിനിമാക്കാരും മറ്റും ആവശ്യപ്പെടുന്നവളുമായ ഒരു പ്രസിദ്ധനർത്തകിയുമായിത്തീർന്നിരിക്കുന്നു.

ഇങ്ങിനെ അസംഖ്യം കൊച്ചീക്കാർ കലാമണ്ഡലംകൊണ്ടു പലേ അഭിവൃദ്ധികളും നേടീട്ടുണ്ടു്. പിന്നെ ഗവമ്മെണ്ടിൽനിന്നു് ഇതു് ഏറെറടുത്തതുകൊണ്ടു വല്ല ദോഷവും ഉണ്ടൊ എന്നാണാ നോക്കേണ്ടതു്.

ഉദ്ദേശം ഏഴുപതിനായിരം ഉറുപ്പികയോളം ഇപ്പോൾ മൂലധനമായി നിൽപ്പുണ്ടു്. നല്ല ഒരു വക്കിംഗ്കമ്മിറ്റിയുടെ മാനേജുമെണ്ടിലായിരുന്നാലും ഇങ്ങിനെയുള്ള സ്ഥാപനങ്ങൾ ഗവമ്മെണ്ടിന്റെ കീഴിലായാലെ ശരിയായ അഭിവൃദ്ധിയിൽ വരികയുള്ളുവെന്ന കാരണത്തിന്മേലാണു് ഈ സ്ഥാപനം ഗവമ്മെണ്ടിനെ ഏല്പിച്ചതു്. പറമ്പുവില ൫,൦൦൦ ക. യും, കെട്ടിടം വില ൮,൦൦൦ ക. യും, മറ്റുള്ള സ്വത്തുക്കളുംകൂടി ഉദ്ദേശം ൭൦,൦൦൦ക. യുണ്ടു്. ഇതിനെ ഗവമ്മെണ്ടിൽനിന്നും ഓഡിറുചെയ്ത ബോദ്ധ്യപ്പെട്ടതിനു ശേഷമാണു് ഏറെറടുത്തതു്. ഇതുകൂടാതെയും പണമുണ്ടായിട്ടും ഗവമ്മെണ്ടു് ഏറെറടുത്തതിനുശേഷം ൨,൦൦൦ക. കൊടുത്തുകഴിഞ്ഞിട്ടും ഇതേവരെ സ്കൂൾ തുറക്കാത്തതിന്റെ അർത്ഥം മനസ്സിലാകുന്നില്ല.

ഇങ്ങിനെയുള്ള സ്ഥാപനങ്ങൾ വളരെക്കാലം മുമ്പുതന്നെ ഗവമ്മെണ്ടിൽനിന്നു തുടങ്ങേണ്ടതായിരുന്നു. അതുചെയ്തില്ലെന്നു മാത്രമല്ല, മഹാകവി വള്ളത്തോളിനാൽ തുടങ്ങപ്പെട്ടതും ഗവമ്മെണ്ടു് ഇപ്പോൾ ഏറെറടുത്തതുമായ ഈ സ്ഥാപനത്തെ വേണ്ടപോലെ പോഷിപ്പിക്കാതെ, ഉദാസീനതകാണിക്കുന്നതു ഗവമ്മെണ്ടിന്റെ അന്തസ്സിനും, പ്രത്യേകിച്ചു കലാമണ്ഡലം ഏറെറടുത്ത സകലകലാവല്ലഭനായ ഡയറക്ടർ അവർകൾക്കും യോജിച്ചതല്ലെന്നുമാത്രമെ എനിക്കു പറവാനുള്ളു.

LIBRARY ARCHIVES Kerala Legislative Assembly

പത്തുകൊല്ലംകൊണ്ടുതന്നെ ഭൂഗോളത്തിൽ പലഭാഗങ്ങളിലും വിഖ്യാതിപ്പെട്ടുകഴിഞ്ഞതും, പ്രാചീനനാട്യവൃത്തകലാമൂലം രാജ്യത്തിനു പരക്കെ അഭിമാനകരമായതുമായ കലാമണ്ഡലത്തെ ശോഷിപ്പിക്കുകയല്ല, പോഷിപ്പിക്കുകയാണു് ഒരു പരിഷ്കൃതഗവണ്മെണ്ടിന്റെ കർത്തവ്യം...

മിസ്റ്റർ എ. ഈച്ചരമേനോൻ: ഏഴായിരം ഉറുപ്പിക എന്തിനാണെന്നു് അറിഞ്ഞാൽ കൊള്ളാം.

റാവുസാഹിബു് ഐ. എൻ. മേനോൻ: കുട്ടികൾക്കു് ഊണുകൊടുക്കുവാനും മറ്റു ചിലവുകൾക്കുമായിട്ടാണു്.

മിസ്റ്റർ എ. ഈച്ചരമേനോൻ: കലാമണ്ഡലത്തിൽ ഇക്കൊല്ലവും ഒന്നിനും തരമില്ല. കഥകളിക്കും മറ്റും എണ്ണയിട്ടു് ഉഴിച്ചിൽ വേണം. അതിന്റെ സമയം തെറ്റിയിരിക്കുന്നു. പിന്നെ ഈ സംഖ്യ എന്തിനാണു്?

Mr. A. V. Moothedan *(Chalakkudi):* Sir, I have great pleasure to support the motion of Mr. Panampilli Govinda Menon and strongly oppose the motion of Mr. Viswambharan. As a lover of art, I have to support it.

Mr. P. Govinda Menon *(Mulakunnathukavu):* Hear, hear.

Mr. K. R. Viswambharan *(Ezhuvas-Talappalli):* Art will be ashamed of such lovers.

Mr. A. V. Moothedan *(Chalakkudi):* I am not going to answer such interruptions. If you examine the Kalamandalam as you examine the Potteries at Chalakkudi and the Textile Works at Puthukad, then Mr. Viswambharan is correct. But art is a different matter. It is not a joint stock company where there is profit and loss and everything is reduced to rupees, annas, pies. It is the duty of the State to recognise and encourage art and to develop the higher instincts of man. Let us not be carried away by business principles everywhere. After 2,000 years these high schools and colleges nobody will appreciate. But this Kalamandalam is a thing which posterity will admire. Therefore, I have great pleasure in supporting the motion.

Dr. A. R. Menon *(Minister for Rural Development):* Sir, the Government, I understand, is going to remain neutral. But that does not affect me. The other day Mr. Viswambharan wanted to take away one rupee from my pay for making hysterical schemes. I wonder whether my friend knows the exact significance of that word "hysteria" Hysteria originated from the Greek word "hystro" meaning womb. In olden times it was considered that this pathological condition is associated only with the female sex. But, later on, a profound study by eminent Neurologists revealed the startling fact that more men are afflicted with this malady than women.

Hysteria, to put it in a general way, is a profound pathological manifestation of physical and psychological state of a person so much

LIBRARY ARCHIVES Kerala Legislative Assembly

so that small and insgnificant things will appear to be important and large and what ordinary people may think mild and inoffensive human weakness will be made to appear as though they are serious and vicious ones. A person who is suffering from this malady generally exaggerates everything he does or says, for example, throwing up of arms and making wild gestures, speaking in a loud voice culminating occasionally in screams following by painful gasping and the whole body trembling in excitement—these are some of its manifestations. Now applying that test in to-days's debate you will find how clearly this symptom always fits in.....

Mr. M. K. Devassy *(Adur):* On a point of order, Sir. I object to the statement by the Hon'ble Minister and the description indulged in by him in a very unbecoming manner of the speeches made by the Hon'ble Members. It has no relation to the merits of the case. But it is simply an abuse of a man's speech or his capacity for speech-making describing it as hysteria.

Dr. A. R. Menon *(Minister for Rural Development):* I said it only in a joking manner. Why do you take it in a serious way? I never meant anything.

Mr. M. K. Devassy *(Adur):* Because you are spending so much time in elaborating it.

Dr. A. R. Menon *(Minister for Rural Development):* You are a great orator, I know that, and what is more you know it.

Mr. M. K. Devassy *(Adur):* If not a great orator, I possess more sense of etiquette and manners.

Dr. A. R. Menon *(Minister for Rural Development):* How modest and good nature!

Mr. President: Order, order. We are upon the Kalamandalam.

Mr. P. Govinda Menon *(Mulakunnathukavu):* Some bit of art will remove this hysteria.

Dr. A. R. Menon *(Minister for Rural Development):* What is this? This gentleman (Mr. Devassy) seems to presume that he is here to correct everyone. Some people have got swelled heads and have always got some prejudice against some persons for no fault of theirs, and they think that whatever others say must be misinterpreted. I have been simply stating the case in a general way.

Mr. M. K. Devassy *(Adur):* I would like to know from the Hon'ble Minister to what he was referring when he referred to loud speeches and the hysterical character of the speeches. I am prepared to apologise if he did not refer to the speeches of the Hon'ble Members here.

LIBRARY ARCHIVES Kerala Legislative Assembly

Dr. A. R. Menon *(Minister for Rural Development):* That description closely fits in like a glove to me *(Laughter).*

Mr. M. K. Devassy *(Adur):* If it is so, I have not the least objection to apologise.

Dr. A. R. Menon *(Minister for Rural Development):* It may also fit in to some other members.

Mr. M. K. Devassy *(Adur):* There we object. You should not try to cast such reflections upon members.

Dr. A. R. Menon *(Minister for Rural Development):* What is the matter with this man? He is proping up and down like a jack in the box.

Mr. President: Order, order. I appeal to the good sense of this House.

Dr. A. R. Menon *(Minister for Rural Development):* Good sense is all right. But nobody has a right simply to say "I object" without giving the reasons for the objection. I was describing a state of mental condition which may fit in the case of some. I said that it fits in like a glove to me. And I said it may be that there are others also to whom this description may apply. Is any one free from some psychical regularity? Does the Hon'ble Member know anything about the pathological conditions of minds? Even the cleverest men find it difficult to understand this.

Now, Sir, the point raised is that this degrades morals. How does it degrade morals?

Mr. K. R. Viswambharan *(Ezhuvas-Talappalli):* The present Art Director stated that there is no connection between Art and morals.

Dr. A. R. Menon *(Minister for Rural Development):* That statement does not mean that art is immoral. But art is a moral or immoral according to the mental conditions of the audience.

Mr. K. R. Viswambharan *(Ezhuvas-Talappalli):* I referred to a particular speech by the Art Director.

Dr. A. R. Menon *(Minister for Rural Development):* Now, Sir, it is said that this degrades morals. What is the authority? Somebody said that it degrades morals! Has not Providence given common sense to all of us, to judge a thing, to see a thing and find out to what extent this exhibition demoralises a person? Why has Providence given us eyes and ears? Those who criticise it, have they ever been there to see this exhibition before they sit in criticism on the mere fact that somebody said somewhere that this art demoralises people? Sir, it is the curse of this country that the

LIBRARY ARCHIVES Kerala Legislative Assembly

general public hold this distorted view. *(Hear, hear).* It is on account of this mental condition in this land that great actors, great musicians and great artists do not thrive here. *(Hear, hear).* Take the case in European countries. The artists are given knighthood, and all other kinds of honours are conferred upon them. Even the Government give them recognition by inviting them to all State functions. They wanted to advertise their own artists in those countries, whereas we here take these people as though they are loafers and riff-raffs, without understanding the significance and the meaning of arts or to what extent they elevate the culture and increase the reputation of a nation, and criticise them by saying that they degrade our morals. Why can't you preserve your own morals? Why are you so weak-minded and weak-kneed that you should show fear of losing your morals by seeing them.

Mr. T. K. Nayar *(Pazhayannur):* It is 5 o'clock, Sir.

Dr. A. R. Menon *(Minister for Rural Development):* Only a word, more.

I say, it is a confession of weakness and it does not behove educated cultured people to criticise arts on this ground by attributing vices which may not exist.

Mr. K. R. Viswambharan *(Ezhuvas-Talappalli):* I may be given an opportunity to reply.

Mr. President: I have no option but to put the demand at 5 o'clock. It is imperative.

Rao Sahib I. N. Menon *(Director of Public Instruction):* Am I expected to explain the position of the Government ?

Mr. T. K. Nayar *(Pazhayannur):* The President has no option. The rule is imperative that at 5 o'clock the guillotine shall come down.

The following demands were then put and carried.—

	Rs.	
Education	19,11,983	minus Re. 1.
Do. Cranganur	62,357	
Law and Justice	1,96,036	
Do. Cranganur	10,874	
Jails	45,864	
Do. Cranganur	260	
Police	2,32,433	
Do. do.	7,018	
Agriculture	1,35,013	
Do. do.	75	
Scientific, etc., Departments ..	28,263	
Industries Reserved	39,138	
Do. Transferred	63,909	

LIBRARY ARCHIVES Kerala Legislative Assembly

	Rs.
Industries Cranganur	1,975
Co-operative	23,883
Matches	2,835
Excise	1,32,087
Do. Cranganur	3,002
Forest and Tramway	3,85,625
Uplift of the Depressed Classes ..	67,464
Do. Cranganur	2,450
Finance and Accounts	60,438
Miscellaneous	39,758
Do. Cranganur	55
Income-tax	20,700
Stationery and Printing	1,59,256
Do. Cranganur	1,250
Registration	93,802
Do. do.	3,676
Stamps	18,995
Do. do.	1,043
Anchal	79,740
Do. do.	2,290
Rural Development	18,670

The House rose for the day at 5-10 p.m.

C. J. MATHEW
Secretary to the Council

LIBRARY ARCHIVES Kerala Legislative Assembly